# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/05/ 2020

## സമ്പൂർണ്ണ ലോക്-ഡൗൺ ലംഘനം.279 കേസുകൾ രജിസ്റ്റർ ചെയ്തു 209 വാഹനങ്ങൾ പിടിച്ചെടുത്തു. കടുത്ത ജാഗ്രതയുമായി സിറ്റി പോലീസ്.

കൊല്ലം : കൊവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ ഏർപ്പെടുത്തിയ ലോക്-ഡൗൺ ശക്തമായി തുടരവെ കർശനമായ നിരീക്ഷണവും പരിശോധനയുമായി പോലീസ്. ലോക്-ഡൗൺ ഇളവുകൾ പ്രഖ്യാപിച്ച് വ്യാപാര സ്ഥാപനങ്ങളും മാർക്കറ്റുകളും തുറന്ന് പ്രവർത്തനമാരംഭിച്ചതിനെതുടർന്ന് സാമൂഹ്യ അകലം പാലിക്കുന്നതിനായുള്ള നിർദേശങ്ങളും ആയതിനുള്ള സംവിധാനങ്ങളും എല്ലാ വ്യാപാര സ്ഥാപനങ്ങളിലും പോലീസ് ഉറപ്പ് വരുത്തി.നിർദേശങ്ങൾ പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. 10.05.2020-ൽ സർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ ലോക്-ഡൗൺ നിർദേശങ്ങൾ ലംഘിച്ച് നീണ്ടകര ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പുറപ്പെട്ട 5 ബോട്ടുകൾ കോസ്റ്റൽ പോലീസ് പിടിച്ചെടുക്കുകയും ബോട്ടുകളിലുണ്ടായിരുന്ന 30 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു.ഇരവിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ പറയത്ത് മുക്കിലും പുന്തലത്താഴത്തും നിബന്ധനകൾ ലംഘിച്ച് ചായക്കടകൾ തുറന്ന് പ്രവർത്തിപ്പിച്ചതിന് ഉമയനല്ലൂർ സ്വദേശി ലത്തീഫിനെതിരേയും പുന്തലത്താഴം സ്വദേശി വിവേകാനന്ദനെതിരേയും കേസുകൾ രജിസ്ററർ ചെയ്തു.കൊല്ലം സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി സമ്പൂർണ്ണ ലോക്-ഡൗൺ ഏർപ്പെടുത്തിയ ഇന്നും 279 കേസുകൾ രജിസ്റ്റർ ചെയ്യുകയും 310 പേരെ അറസ്റ്റ് ചെയ്ത് 209 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കണമെന്ന നിബന്ധന നിലവിലിരിക്കെ ആയതിന് വിപരീതമായി മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 72 പേർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തു.ഹോം ക്വാറന്റൈനിൽ കഴിയുന്നവരുടെ നിരീക്ഷണത്തിനായി ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു. അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലും വീടുകളിലും പോലീസ് എത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സർക്കാർ നിരീക്ഷണത്തിലും ഗൃഹ നിരീക്ഷണത്തിലും കഴിയുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും എത്തി

ച്ചേരുന്നവർ ലോക്-ഡൗൺ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ കർശന നടപടികൾ സ്വീകരിക്കുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി.ഐ.പി.എസ് അറിയിച്ചു.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പരവൂർ ജനമൈത്രി പോലീസ് സുമനസ്സുകളുടെ സഹായത്തോടെ അമ്പതോളം നിർധനരായ കുടുംബങ്ങൾക്ക് പലവ്യജ്ഞനക്കിറ്റുകൾ എത്തിച്ചു നല്കി.